# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2524 07/02/2019 ൽ മറുപടിക്ക്

## ശബരിമല ക്ഷേത്രദർശനം

ചോദ്യം | മറുപടി

ശ്രീ. എൻ .എ.നെല്ലിക്കുന്ന് | കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല ക്ഷേത്രത്തിലെ പ്രതിഷ്ഠാസവിശേഷത, ആചാരാനുഷ്ഠാനങ്ങൾ, മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ നിന്ന് അതിനുള്ള വ്യത്യാസം എന്നിവയെക്കുറിച്ച് സംസ്ഥാന സർക്കാരോ തിരുവിതാംകൂർ ദേവസ്വം ബോർഡോ കൃത്യമായി മനസ്സിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമല ശ്രീ ധർമ്മശാസ്താ ക്ഷേത്രത്തിലെ പ്രതിഷ്ഠ ശ്രീധർമ്മ ശാസ്താവിന്റെ ധ്യാന രൂപത്തിലുള്ള പ്രതിഷ്ഠയാണ്. ശബരിമല ക്ഷേത്രത്തിൽ ശബരിമലയിലെ പതിവും പടിത്തരവും അനുസരിച്ചുള്ള ആചാരാനുഷ്ഠാനങ്ങളാണ് അനുവർത്തിച്ചു വരുന്നത്. അവ ഏറക്കുറെ മറ്റ് അയ്യപ്പ ക്ഷേത്രങ്ങളിൽ ഉള്ളതു പോലെ തന്നെയാണ്. |
| (ബി) | തന്ത്രി, പന്തളം രാജപ്രതിനിധി എന്നിവർക്ക് ശബരിമല ക്ഷേത്രത്തിലുള്ള അവകാശാധികാരങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | പൂജാദികാര്യങ്ങളുടെയും, ആചാരാനുഷ്ഠാനങ്ങളുടേയും ചുമതലയാണ് തന്ത്രിക്കുള്ളത്. ശബരമില ക്ഷേത്രത്തിന്റെ ഭരണവുമായി ബന്ധപ്പെട്ട് യാതൊരു അവകാശങ്ങളും പന്തളം രാജ പ്രതിനിധിയ്ക്ക് ഇല്ല. എന്നാൽ തിരുവാഭരണ ഘോഷയാത്രയെ അനുഗമിക്കുന്നതിനും മണ്ഡലം- മകരവിളക്ക് കാലത്ത് അവസാനത്തെ ദിവസം അയ്യപ്പന്റെ പിതൃസ്ഥാനീയൻ എന്ന നിലയിൽ ദർശനം നടത്തുന്നതിനുമുള്ള അവകാശം ഉള്ളതാണ്. |
| (സി) | പത്തിനും അൻപത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള സ്ത്രീകൾ ശബരിമല ക്ഷേത്രദർശനം നടത്താൻ പാടില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് | (സി) | ബഹു. ഹൈക്കോടതിയുടെ 05.04.1991-ലെ ഒ.പി.നമ്പർ-9015/1990 നമ്പർ കേസിലെ വിധിന്യായത്തിൽ 10 നും 50 നും ഇടയിലുള്ള സ്ത്രീകളെ ശബരിമല ദർശനത്തിനനുവദിക്കരുതെന്ന് |

| | | | |
|---|---|---|---|
| | വർഷമാണ് ഇത് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | | തിരുവിതാകൂർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകിയിരുന്നു. ബഹു. ഹൈക്കോടതിയുടെ ഈ വിധിന്യായം തിരുവിതാകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ